**കേരള സർക്കാർ**

**ധനകാര്യ (ഹെൽത്ത് ഇൻഷുറൻസ്) വകുപ്പ്**

**<u>പരിപത്രം</u>**

**നം. 4/2026/ധന** **തിരുവനന്തപുരം, തീയതി: 24/01/2026**

വിഷയം:- സംസ്ഥാന സർക്കാർ ജീവനക്കാരുടേയും പെൻഷൻകാരുടേയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (MEDISEP) - രണ്ടാം ഘട്ടം നടപടിക്രമങ്ങൾ അന്തിമമായി പൂർത്തീകരിക്കുന്നത് - നിർദ്ദേശം നൽകുന്നത്- സംബന്ധിച്ച്.

സൂചന :- 1) സ.ഉ.(അച്ചടി)നം. 102/2025/ധന തീയതി 14/08/2025
2) പരിപത്രം നം. 86/2025/ധന തീയതി 29/11/2025
3) സ.ഉ.(അച്ചടി)നം.5/2026/ധന തീയതി 20/01/2026
4) സ.ഉ.(അച്ചടി)നം.7/2026/ധന തീയതി 21/01/2026

സംസ്ഥാന സർക്കാർ ജീവനക്കാരുടേയും പെൻഷൻകാരുടേയും ആരോഗ്യ ഇൻഷ്വറൻസ് (മെഡിസെപ്) പദ്ധതിയുടെ രണ്ടാം ഘട്ടം ആരംഭിക്കുവാൻ സൂചന (1) പ്രകാരം ഉത്തരവായതിനെതുടർന്നു ജീവനക്കാർ/പെൻഷൻകാർ തങ്ങളുടെയും ആശ്രിതരുടെയും വ്യക്തിഗത വിവരങ്ങൾ തിരുത്തുന്നതിനും തങ്ങളുടെ നിലവിലുള്ള ആശ്രിതരെ മെഡിസെപ്പിൽ ഉൾപ്പെടുത്തുന്നതിനും ആശ്രിതരുടെ പട്ടികയിൽ നിന്നും ആരെയെങ്കിലും നീക്കം ചെയ്യുന്നതിനുമുള്ള അപേക്ഷകൾ, ഡി.ഡി.ഒ./ട്രഷറി ഓഫീസർമാർ എന്നിവർക്ക് 10.12.2025-ന മുൻപായി സമർപ്പിക്കേണ്ടതാണെന്നും ഇത്തരത്തിൽ 10.12.2025-വരെ ലഭ്യമാകുന്ന അപേക്ഷകൾ 12.12.2025-നുള്ളിൽ ബന്ധപ്പെട്ട ഡി.ഡി.ഒ./നോഡൽ ഓഫീസർ/ട്രഷറി ഓഫീസർ/പെൻഷൻ ഓഫീസർമാർ പരിശോധിച്ച് ആവശ്യമായ തിരുത്തലുകൾ വരുത്തി പ്രൊഫൈൽ അപ്ഡേറ്റ് ചെയ്ത് വെരിഫിക്കേഷൻ പൂർത്തിയാക്കേണ്ടതാണെന്നുമുള്ള നിർദ്ദേശം സൂചന (2) പ്രകാരം നൽകിയിരുന്നു. മെഡിസെപ് രണ്ടാംഘട്ടം 01.02.2026 മുതൽ നടപ്പിൽ വരുത്തുവാൻ സൂചന (3) പ്രകാരം ഉത്തരവായിട്ടുണ്ട്. ജീവനക്കാർക്കും പെൻഷൻ

കാർക്കും മെഡിസെപ് അംഗത്വമായി ബന്ധപ്പെട്ട മെഡിസെപ് ഐ.ഡി. കാർഡ് www.medisep.kerala.gov.in എന്ന വെബ് പോർട്ടലിൽ നിന്നും പദ്ധതി ആരംഭിക്കുന്ന മുറയ്ക്ക് (01.02.2026 മുതൽ) ലോഗിൻ ചെയ്ത് ഡൗൺലോഡ് ചെയ്യാവുന്നതാണ്.

**പെൻഷൻകാർക്ക് അവരുടെ മെഡിസെപ് ഐ.ഡി. user ID ആയും പി.പി.ഒ. നം. password ആയും ഉപയോഗിച്ച് ലോഗിൻ ചെയ്യാവുന്നതാണ്. സേവനത്തിൽ നിന്നും വിരമിക്കുകയും എന്നാൽ നാളിതു വരെ പെൻഷൻ ലഭ്യമാകാത്ത പെൻഷണർ പെൻ (PEN) password ആയി ഉപയോഗിക്കേണ്ടതാണ്.**

**ജീവനക്കാർക്ക് അവരുടെ മെഡിസെപ് ഐ.ഡി. user ID ആയും പെൻ/എംപ്ലോയ് ഐ.ഡി. password ആയും ഉപയോഗിച്ച ലോഗിൻ ചെയ്യാവുന്നതാണ്.**

(www.medisep.kerala.gov.in എന്ന വെബ്സൈറ്റിലെ 'status' ഓപ്ഷനിൽ ആവശ്യപ്പെടുന്ന വിവരങ്ങൾ നൽകി ഡൗൺലോഡ് ചെയ്യുന്ന സ്റ്റാറ്റസ് റിപ്പോർട്ടിൽ നിന്നും മെഡിസെപ് ഐ.ഡി. ശേഖരിക്കാവുന്നതാണ്)

എമ്പാനൽ ചെയ്യപ്പെട്ട ആശുപത്രികളിൽ ചികിത്സക്കായി എത്തുന്ന മെഡിസെപ് ഗുണഭോക്താക്കൾ ഇത്തരത്തിൽ ഡൗൺലോഡ് ചെയ്തെടുത്ത മെഡിസെപ് ഐ.ഡി. കാർഡും ഏതെങ്കിലും ഒരു ഫോട്ടോ പതിപ്പിച്ച തിരിച്ചറിയൽ കാർഡും (Aadhaar card, PAN card, Voters ID card, Passport, Driving Licence ID, Ration Card, Bank Pass Book etc) ആശുപത്രിയിലെ ഇൻഷുറൻസ് ഡെസ്കിൽ ഹാജരാക്കേണ്ടതാണ്. മെഡിസെപ് കാർഡിൽ പേരില്ലായെങ്കിലോ പേരിലോ മറ്റു വിവരങ്ങളിലോ തെറ്റുണ്ടെങ്കിലോ മെഡിസെപ് ഇൻഷുറൻസ് പരിരക്ഷ ലഭ്യമാകുന്നതല്ല. ആയതിനാൽ മെഡിസെപ് ഐ.ഡി. കാർഡിൽ പ്രിന്റ് ചെയ്തിരിക്കുന്ന വിവരങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള തിരുത്തലുകൾ / കൂട്ടിച്ചേർക്കലുകൾ ആവശ്യമുണ്ടെങ്കിൽ ജീവനക്കാർ ബന്ധപ്പെട്ട ഡി.ഡി.ഒ. മാർ മുഖേനയും പെൻഷൻകാർ അതത് ട്രഷറി ഓഫീസർ മുഖേനയും **25.02.2026** -നകം തിരുത്തലുകൾ വരുത്തേണ്ടതാണ്.

**സമയപരിധിക്ക് ശേഷം പ്രൊഫൈലിൽ വരുത്തുന്ന തിരുത്തലുകൾ മെഡിസെപ് ഐ.ഡി. കാർഡിൽ പ്രതിഫലിക്കുകയില്ല. 25.02.2026 -ന ശേഷം ഡാറ്റയിലെ തെറ്റുകൾ തിരുത്തുന്നതിനോ ആശ്രിതരെ (പുതുതായി വിവാഹം കഴിയുന്നവർ, നവജാത ശിശുക്കൾ എന്നീ ആശ്രിതർ ഒഴികെ) ഉൾപ്പെടുത്തുന്നതിനോ**

**അവസരം ഉണ്ടായിരിക്കുന്നതല്ല.** ഡാറ്റ സ്ഥിരീകരണം നടത്തേണ്ടത് ഗുണഭോക്താവിന്റെ ഉത്തരവാദിത്വമാണ്. ഇതിലുള്ള പാളിച്ച മൂലം മെഡിസെപ് ആനുകൂല്യം ലഭ്യമാകാതെ വന്നാൽ സർക്കാരോ ഇൻഷുറൻസ് കമ്പനിയോ ആശുപത്രിയോ ഉത്തരവാദിയല്ലായെന്നും ഡി.ഡി.ഒ./നോഡൽ ഓഫീസർ, ട്രഷറി ഓഫീസർ / പെൻഷൻ ഓഫീസർ എന്നിവരുടെ പാളിച്ച മൂലം ഗുണഭോക്താവിനു ആനുകൂല്യം ലഭ്യമാകാതെ വന്നാൽ ആയതിനു ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉത്തരവാദികളായിരിക്കുകയും ചെയ്യുന്നതാണെന്ന് വ്യക്തമാക്കുന്നു. വിവരശേഖരണവും അതുമായി ബന്ധപ്പെട്ട കൂട്ടിചേർക്കലുകൾക്കും തിരുത്തലുകൾക്കുമായി നല്കിയിട്ടുള്ള കൃത്യമായ നിർദ്ദേശങ്ങൾ സമയബന്ധിതമായി നിർവഹിക്കാതെ അനുവദിച്ച സമയപരിധി കഴിഞ്ഞും ഡി.ഡി.ഒ. -മാരുടേയും ട്രഷറി ഓഫീസർമാരുടേയും സഹായത്തോടെ സ്റ്റാറ്റസ് റിപ്പോർട്ട് തിരുത്തൽ വരുത്തിയിട്ട് കാർഡ് ലഭ്യമായിട്ടില്ലായെന്ന പരാതി പരിഗണിക്കുന്നതല്ല. അനുവദിച്ച സമയപരിധിയ്ക്കുള്ളിൽ തിരുത്തലുകൾ വരുത്തി verify ചെയ്തതിനു ശേഷവും, എന്തെങ്കിലും സാങ്കേതിക പിഴവുകൾ നിമിത്തം മെഡിസെപ് കാർഡ് ഡൗൺലോഡ് ചെയ്യുവാൻ സാധിക്കാതെ വരുന്ന പക്ഷം, 1800-425-1857 എന്ന ടോൾ ഫ്രീ നമ്പറിലോ info.medisep@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടേണ്ടതാണ്.

**നൗഷാദ് എ.**
**അഡീഷണൽ സെക്രട്ടറി**

**പകർപ്പ്:**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II) കേരള, തിരുവനന്തപുരം
എല്ലാ വകുപ്പ് മേധാവികൾക്കും
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, തിരുവനന്തപുരം
രജിസ്ട്രാർ, എല്ലാ സർവകലാശാലകൾക്കും
ബഹു. ഗവർണറുടെ സെക്രട്ടറി
ബഹു. മുഖ്യമന്ത്രിയുടേയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ

ബഹു.പ്രതിപക്ഷ നേതാവിന്റേയും ഗവൺമെന്റ് ചീഫ് വിപ്പിന്റേയും പ്രൈവറ്റ് സെക്രട്ടറിമാർ

ബഹു. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി/എക്സ്പെന്റിച്ചർ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി, അഡീഷണൽ സെക്രട്ടറി/ജോയിന്റ് സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി/അണ്ടർ സെക്രട്ടറിമാർ

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

പബ്ലിക് റിലേഷൻസ് വകുപ്പ്

നോഡൽ ഓഫീസർ, www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഇ-3232563)

ഉത്തരവിൻ പ്രകാരം

Sivadas

സെക്ഷൻ ഓഫീസർ.